ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM

പ്രധാനവാർത്തകൾ

DATE: 15.07.2026

1) സംസ്ഥാനത്ത്- വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഹൈസ്പീഡ് റെയിൽ സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചതായും മുഖ്യമന്ത്രി.

2) ഓപ്പറേഷൻ തൂഫാന് പിന്തുണ അഭ്യർത്ഥിച്ച് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രിയുമായി കൂടിക്കാഴ്ച നടത്തി.

3) വിയറ്റ്നാമിൽ ബോട്ട് അപകടത്തിൽ മരിച്ച കൊട്ടാരക്കര സ്വദേശികൾക്ക് വിട നൽകാൻ ജന്മനാട്. സംസ്കാരം ഇന്ന് വൈകിട്ട്.

4) നെന്മാറ ഇരട്ടക്കൊലപാതകക്കേസിലെ ശിക്ഷാവിധി നാളത്തേക്ക് മാറ്റി വെച്ച് പാലക്കാട് അഡീഷണൽ സെഷൻസ് കോടതി.

5) കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് രജിസ്ട്രേഷൻ തീയതി ഈ മാസം 31 വരെ നീട്ടി കേന്ദ്ര സർക്കാർ.

6) ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം സെമിയിൽ ഇന്ന് അർജന്റീന - ഇംഗ്ലണ്ട് പോരാട്ടം..

**************

RNU TVPM

## മന്ത്രി സഭായോഗം (ഇൻട്രോ)

സംസ്ഥാനത്ത് പൊതുഭരണ വകുപ്പിന് കീഴിൽ വകുപ്പുകളുടെ ഏകോപനത്തിന് പുതിയ സംവിധാനം ആരംഭിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഓരോ ഫയലുകളുടെയും തൽസ്ഥിതി ഇതിലൂടെ അറിയാൻ സാധിക്കുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ അദ്ദേഹം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ പറഞ്ഞു. പദ്ധതികൾ കൃത്യമായി മാപ്പിങ് നടത്തി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ഹൈസ്പീഡ് റെയിലുമായി ബന്ധപ്പെട്ട റിപ്പോർട്ട് സർക്കാരിന് ലഭിച്ചതായും അദ്ദേഹം പറഞ്ഞു.

(വോയ്സ്)

**************

## ഓപ്പറേഷൻ തൂഫാൻ

ഓപ്പറേഷൻ തൂഫാന് പിന്തുണ തേടി ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല തമിഴ്നാട് മുഖ്യമന്ത്രി ജോസഫ് വിജയ് യുമായി കൂടിക്കാഴ്ച നടത്തി. ചെന്നൈയിലാണ് കൂടിക്കാഴ്ച. തമിഴ്നാട് സർക്കാറിന്റെ പൂർണ്ണ പിന്തുണ ഉറപ്പുവരുത്തുകയാണ് കൂടിക്കാഴ്ചയുടെ പ്രധാന ലക്ഷ്യം. കഴിഞ്ഞയാഴ്ച കർണാടക മുഖ്യമന്ത്രി ഡി.കെ ശിവകുമാറിനെയും ശ്രീ രമേശ് ചെന്നിത്തല ബാംഗ്ലൂരിൽ സന്ദർശിച്ചിരുന്നു.

RNUTVPM

**************

## വിദഗ്ധസമിതി

വയനാട് കള്ളാടി മണ്ണിടിച്ചിൽ പ്രദേശത്ത് വിദഗ്ധ സമിതി പരിശോധന നടത്തി. കാലിക്കറ്റ് എൻ.ഐ.ടിയിലെ ഡോ. സന്തോഷ്.ജി.തമ്പി, National Centre for earth Science Studies - ലെ ശ്രീലേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് പരിശോധന നടത്തിയത്.

**************

## വിയറ്റ്നാം

വിയറ്റ്നാമിൽ ബോട്ട് മുങ്ങി മരിച്ച കൊട്ടാരക്കര സ്വദേശികളായ ദമ്പതികളുടെ സംസ്കാരം ഇന്ന് നടക്കും. എ.സി. തോമസ്, ഭാര്യ ലവ്നി തോമസ് എന്നിവരുടെ മൃതദേഹങ്ങൾ പുലമൺ മാർത്തോമ ജൂബിലി മന്ദിരത്തിൽ പൊതുദർശനത്തിന് വെച്ചു. നിരവധി പേർ അന്തിമോപചാരം അർപ്പിച്ചു. വൈകിട്ട് മൂന്നിന് ജൂബിലി മന്ദിരം ചാപ്പലിലെ ശുശ്രൂഷയ്ക്ക് ശേഷം കൊട്ടാരക്കര മാർത്തോമ വലിയ പള്ളിയിൽ സംസ്കാരം നടക്കും.

**************

## പാവകളി കലാകാരി പങ്കജാക്ഷി

കേരളത്തിന്റെ പരമ്പരാഗത കലാരൂപമായ നോക്കുവിദ്യാ പാവകളിയെ ആഗോളതലത്തിൽ ശ്രദ്ധേയമാക്കിയ പ്രശസ്ത കലാകാരി പത്മശ്രീ മോനിപ്പള്ളി പങ്കജാക്ഷി അന്തരിച്ചു. തൊണ്ണൂറ് വയസായിരുന്നു. കലാരംഗത്തെ അതുല്യമായ സംഭാവനകൾ പരിഗണിച്ച് 2020-ൽ രാജ്യം പത്മശ്രീ നൽകി ആദരിച്ചിട്ടുണ്ട്.

**************

## വിള ഇൻഷുറൻസ് (ഇൻട്രോ)

കാലാവസ്ഥാ അധിഷ്ഠിത വിള ഇൻഷുറൻസ് രജിസ്ട്രേഷൻ തീയതി ഈ മാസം 31 വരെ നീട്ടി കേന്ദ്ര സർക്കാർ. രജിസ്ട്രേഷൻ ഇന്ന് അവസാനിക്കാനിരിക്കെ കർഷകരുടെ ആവശ്യപ്രകാരമാണ് തീയതി നീട്ടിയത്.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....**
**(വോയ്സ്)**

**************

## പ്ലസ് വൺ പ്രവേശനം

സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനായുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഇന്ന് കൂടി അപേക്ഷിക്കാം. അലോട്ട്മെന്റ് ഞായറാഴ്ച പ്രസിദ്ധീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് hscap.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

RNU TVPM

**************

## സെൻസസ്

സെൻസസ് 2027-ന്റെ ഭാഗമായുള്ള വിവരശേഖരണം സംസ്ഥാനത്ത് പുരോഗമിക്കുന്നു. ഈ മാസം 30 വരെയാണ് എന്യൂമറേറ്റർമാരുടെ ഭവന സന്ദർശനം. വീടുകളുടെ സെൻസസും പട്ടികപ്പെടുത്തലുമാണ് ഈ ഘട്ടത്തിൽ നടക്കുന്നത്. അടുത്ത വർഷം ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ്.

**************

## നെന്മാറ ഇരട്ടക്കൊലക്കേസ്

പാലക്കാട്, നെന്മാറ ഇരട്ടക്കൊലക്കേസിൽ പ്രതി ചെന്താമരയുടെ ശിക്ഷാവിധി നാളത്തേക്ക് മാറ്റി. പാലക്കാട് അഡീഷണൽ സെഷൻസ് കോടതിയാണ് വിധി പ്രസ്താവിക്കുന്നത് മാറ്റിവെച്ചത്. ചെന്താമര കുറ്റക്കാരനെന്ന് കഴിഞ്ഞ ദിവസം കോടതി കണ്ടെത്തിയിരുന്നു. 2025 ജനുവരി 27 ന് തിരുത്തംപാടത്തെ സുധാകരൻ, അമ്മ ലക്ഷ്മി എന്നിവരെ കൊലപ്പെടുത്തിയതാണ് കേസ്.

RNU TVPM

**************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-◌ാ◌ം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും പങ്കുവയ്ക്കാം.

**************

## കോറോ ഹെൽത്ത്

കോറോ ഹെൽത്ത് കമ്പനിയിൽനിന്ന് കൂട്ടത്തോടെ ജീവനക്കാരെ പിരിച്ചുവിട്ട സംഭവത്തിൽ അടിയന്തര ഇടപെടലുമായി സംസ്ഥാന സർക്കാരും ഐടി കമ്പനികളുടെ കൂട്ടായ്മയായ ജിടെകും. പ്രതിസന്ധി പരിഹരിക്കുന്നതിനായി മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടിയും ജിടെക്കിന്റെ പ്രതിനിധികളും ചർച്ച നടത്തി.

പിരിച്ചുവിട്ട ജീവനക്കാരിൽ പരമാവധി ആളുകൾക്ക് മറ്റ് ഐടി കമ്പനികളിൽ പുനർനിയമനം ഉറപ്പാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് ജിടെക് പ്രതിനിധികൾ അറിയിച്ചു.

**************

## യാക്കോബായ സുറിയാനി സഭ

യാക്കോബായ സുറിയാനി സഭ പുതുതായി രൂപീകരിച്ച തിരുവനന്തപുരം മേഖലയുടെ മെത്രാപൊലീത്തയായി ഡോ. കുര്യാക്കോസ് മാർ തെയോഫിലോസിന്റെ സ്ഥാനാരോഹണ ശുശ്രൂഷകൾ ഇന്ന് വൈകിട്ട് നടക്കും. തിരുവനന്തപുരം സെൻറ് പീറ്റേഴ്സ് യാക്കോബായ കത്തീഡ്രലിലാണ് ചടങ്ങുകൾ. തുടർന്നു നടക്കുന്ന സ്വീകരണ ചടങ്ങിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഉൾപ്പെടെയുള്ളവർ പങ്കെടുക്കും.

**************

## ശബരിമല

ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് തുറക്കും. കർക്കടകം ഒന്നായ ഈ മാസം 17 മുതൽ നട അടയ്ക്കുന്ന 21 വരെ പൂജകൾ നടക്കും. രാമായണ മാസാചരണത്തിൽ വലിയ തിരക്ക് പ്രതീക്ഷിക്കുന്നതിനാൽ ഇത്തവണ വിപുലമായ ഒരുക്കങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്.

**************

## വാണിഭമേള (ഇൻട്രോ)

ഗ്രാമ പൈതൃകത്തിന്റെയും കാർഷിക സമൃദ്ധിയുടെയും ഓർമ പുതുക്കി കോട്ടയത്ത് സംക്രമ വാണിഭ മേളക്ക് നാളെ തുടക്കമാകും. ഇതോടനുബന്ധിച്ച് സംക്രാന്തി വിളക്കമ്പലത്തിൽ കർക്കടക സംക്രമ ഉത്സവം നാളെ നടക്കും.

**ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക**
**എസ് നായർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയ്സ്)

**************

RNU TVPM

## റേഷൻ കാർഡ് -അപേക്ഷ

പൊതു വിഭാഗം റേഷൻകാർഡുകൾ, മുൻഗണനാ വിഭാഗത്തിലേക്ക് മാറ്റാൻ ഓൺലൈൻ അപേക്ഷ മറ്റന്നാൾ വരെ സ്വീകരിക്കും . അക്ഷയകേന്ദ്രം , സിവിൽ സപ്ലൈസ് വകുപ്പ് വെബ്സൈറ്റിലെ സിറ്റിസൺ ലോഗിൻ എന്നിവ മുഖേനയാണ് അപേക്ഷിക്കേണ്ടത്.

**************

## വയനാട് (ഇൻട്രോ)

വയനാട് മാനന്തവാടി പിലാക്കാവിലും പരിസരങ്ങളിലും പശുക്കളിൽ ചർമ്മ രോഗം വ്യാപകം. നിരവധി പശുക്കൾ ചർമ്മ മുഴ ബാധിച്ച് അവശനിലയിലാണ്. സൗജന്യ പ്രതിരോധ കുത്തിവയ്പ്പ് ഉൾപ്പടെ, അധികൃതരുടെ ഭാഗത്ത് നിന്നും അടിയന്തിര നടപടികൾ ഉണ്ടാകണമെന്ന് കർഷകർ ആവശ്യപ്പെട്ടു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്.....**

**( വോയിസ്....)**

**************

## ക്രിക്കറ്റ്

മൂന്ന് മത്സരങ്ങളുള്ള ഇന്ത്യ - ഇംഗ്ലണ്ട് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം നാളെ നടക്കും..വൈകുന്നേരം 5:30-നാണു മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ഇന്ത്യ ആറു വിക്കറ്റിന് ജയിച്ചു.

**************

## ലോകകപ്പ് ഫുട്ബോൾ

ഫിഫ ലോകകപ്പ് ഫുട്ബോളിലെ രണ്ടാം സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ അർജന്റീന -ഇംഗ്ലണ്ടിനെ നേരിടും. ഇന്ത്യൻ സമയം ഇന്ന് അർദ്ധരാത്രി 12.30-നാണ് മത്സരം .ആദ്യ സെമിയിൽ ഫ്രാൻസിനെ എതിരില്ലാത്ത 2 ഗോളിന് പരാജയപ്പെടുത്തി സ്പെയിൻ ഫൈനലിൽ പ്രവേശിച്ചു. രണ്ടാം സെമിയിലെ വിജയികളുമായി ഈ മാസം 20 ന് നടക്കുന്ന ഫൈനലിൽ സ്പെയിൻ ഏറ്റുമുട്ടും.

RNU TVPM

**************

## നാസ - അനിൽ മേനോൻ

ഇന്ത്യൻ വംശജനായ നാസ ബഹിരാകാശ യാത്രികൻ അനിൽ മേനോൻ ഉൾപ്പെട്ട മൂന്നംഗ സംഘം എട്ട് മാസം നീളുന്ന ദൗത്യത്തിനായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ എത്തി. ഇന്ത്യൻ സമയം ഇന്നലെ രാത്രി 8:17 നാണ് യാത്ര ആരംഭിച്ചത്. 2027 ഏപ്രിലിൽ സംഘം മടങ്ങി എത്തും .

**************

## ഇന്ത്യ - യു കെ - വ്യാപാര കരാർ

ഇന്ത്യ - യു കെ സമഗ്ര സാമ്പത്തിക-വ്യാപാര കരാർ പ്രാബല്യത്തിൽ. ചരിത്രപരമായ ഈ കരാറിലൂടെ ഇന്ത്യയിൽ നിന്നും കയറ്റുമതി ചെയ്യുന്ന 99 ശതമാനം ഉൽപ്പന്നങ്ങൾക്കും, യുകെ വിപണിയിൽ നികുതി ഇളവ് ലഭിക്കും. 2030-ഓടെ ഇന്ത്യ-യുകെ ഉഭയകക്ഷി വ്യാപാരം 100 ബില്യൺ യുഎസ് ഡോളറാക്കാൻ സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെ ലക്ഷ്യമിടുന്നു.

**************

## ലോക യുവജന നൈപുണ്യ ദിനം

PRIU TVPM

ഇന്ന് ലോക യുവജന നൈപുണ്യ ദിനം. യുവാക്കളെ നിർമിത ബുദ്ധി, ഡിജിറ്റൽ, സാങ്കേതിക വിദ്യ എന്നീ കഴിവുകളിൽ സജ്ജരാക്കേണ്ടതിൻറെ ആവശ്യകത ഓർമിപ്പിക്കുന്നതിനാണ് ദിനാചരണം. 'നൈപുണ്യം- പങ്കാളിത്ത ഭാവിക്കായി ' എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

**************

## യുഎസ് - ഇറാൻ

ഹോർമുസ് കടലിടുക്കിൽ വാണിജ്യ കപ്പലുകൾക്ക് നേരെയുണ്ടായ ഇറാൻ ആക്രമണങ്ങൾക്ക് മറുപടിയായി ഇറാനിയൻ തുറമുഖങ്ങളുടെ ഉപരോധം അമേരിക്ക പുനരാരംഭിച്ചു. ഇറാൻ ഒഴികെയുള്ള രാജ്യങ്ങൾക്ക് സഞ്ചാരത്തിനായി ഹോർമുസ് തുറന്നതായി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അറിയിച്ചു.

ഇറാനെതിരെ ശക്തമായ ആക്രമണം നടത്തുമെന്നും ചർച്ചയ്ക്ക് തയ്യാറായില്ലെങ്കിൽ എല്ലാ വൈദ്യുത നിലയങ്ങളും പാലങ്ങളും തകർക്കുമെന്നും ട്രംപ് മുന്നറിയിപ്പ് നൽകി.

**************

***********

****

RNU TVPM